ഉത്തരം

(എ, ബി) ഭരണപരമായ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമ പ്രകാരമാണ് മലബാർ ദേവസ്വം വക ക്ഷേത്രങ്ങളുടെ ഭരണം നടത്തിവരുന്നത്. ഈ നിയമപ്രകാരമുള്ള ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് മുഖാന്തിരമാണ് ഇപ്പോൾ ഭരണ മേൽനോട്ടം നടത്തിവരുന്നത്.

എച്ച്.ആർ. ആന്റ് സി.ഇ. മുഖേന സാമ്പത്തിക സഹായം ലഭിച്ച കണ്ണൂർ ജില്ലയിലെ ക്ഷേത്രങ്ങൾ

89(1571) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പ് മുഖേന കണ്ണൂർ ജില്ലിയിലെ എത്ര ക്ഷേത്രങ്ങൾക്ക് കഴിഞ്ഞ വർഷം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഏതെല്ലാം ക്ഷേത്രങ്ങൾക്ക് എത്ര തുക വീതം നൽകി എന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) എഴുപത്തിയൊന്ന് ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റായും അൻപത്തിയൊമ്പത് ക്ഷേത്രങ്ങൾക്ക് ശമ്പള കുടിശ്ശികയിനത്തിലും കഴിഞ്ഞ വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി (അനുബന്ധം 1-ഉം 2-ഉം) ഇതോടൊപ്പം വച്ചിട്ടുണ്ട്.†

ആരാധന സംബന്ധമായ ആവശ്യങ്ങൾക്ക് വേണ്ടിവരുന്ന പുഷ്പങ്ങൾ

90(1572) ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡ് ക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം എന്നിവിടങ്ങളിൽ പ്രതിമാസം എത്ര രൂപയുടെ പുഷ്പങ്ങൾ ആരാധന സംബന്ധമായ ആവശ്യങ്ങൾക്ക് വേണ്ടിവരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് പുഷ്പങ്ങൾ ഈ ആവശ്യത്തിന് വേണ്ടിവരാറുണ്ടോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഗുരുവായൂർ ക്ഷേത്രത്തിൽ പാരമ്പര്യ കഴകക്കാരിൽ നിന്നല്ലാതെ പുറത്തുള്ള മാർക്കറ്റിൽ നിന്നും പൂവ് വാങ്ങിക്കുന്നത് അനുവദനീയമല്ല പ്രതിമാസം കഴകക്കാർക്ക് പൂവിന്റെ വിലയായി ശരാശരി 20,000-ത്തിനും 30,000-ത്തിനുമിടയ്ക്ക് ഗുരുവായൂർ ദേവസ്വം പണം നൽകാറുണ്ട്. കൊച്ചി ദേവസ്വത്തിലെ ക്ഷേത്രങ്ങളോടു ചേർന്നുള്ള പൂന്തോട്ടങ്ങളിലെ പുഷ്പങ്ങൾ മാത്രമാണ് ക്ഷേത്രങ്ങളിലെ ആവശ്യത്തിനുപയോഗിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലും സ്ഥിരം പൂജകൾ കൂടാതെ ഭക്തജനങ്ങളുടെ വഴിപാടുകൾക്കനുസരിച്ചും പൂജകൾ നടത്തേണ്ടതിനാൽ പുഷ്പ ആവശ്യകതയുടെ ഏകദേശ കണക്ക് പറയുക പ്രയാസമാണെന്നറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ ദേവസ്വങ്ങളിലൊന്നും നേരിട്ട് അന്യസംസ്ഥാനങ്ങളിൽ നിന്നും പുഷ്പങ്ങൾ വരുത്തുന്നില്ല.

പെരുവനം കൊട്ടാരം സംരക്ഷിക്കുന്നതിന് നടപടി

91(1573) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പെരുവനം കൊട്ടാരം (തൃശ്ശൂർ ജില്ല, ചേർപ്പ് നിയോജകമണ്ഡലം) സംരക്ഷിക്കുന്നതിന് ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(ബി) ക്ഷേത്ര അനുഷ്ഠാനകലകൾ അഭ്യസിക്കുന്നതിനുള്ള പഠനകേന്ദ്രത്തിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ എന്നു വിശദമാക്കാമോ;

(സി) ഈ സ്ഥാപനത്തിന്റെ ചുമതല ആരെയാണ് എല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉന്നതമായ ഒരു കലാകേന്ദ്രമായി ഈ സ്ഥാപനത്തെ ഉയർത്തുന്നതിന് ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ശേഖരിച്ചുവരുന്നു.

എച്ച്.ആർ.സി. കമ്മീഷണറുടെ സാമ്പത്തിക സഹായം

92(1574) ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly